## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്റ്റ് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)

# 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**
**(വ്യവസായവും ധാതുക്കളും)**

**2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

<u>ഉള്ളടക്കം</u>


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

**സബ്ജക്ട് കമ്മിറ്റി IV**

വ്യവസായവും ധാതുക്കളും

(2023 - 2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി
ശ്രീമതി ഷീബാ  വർഗീസ്, ജോയിന്റ് സെക്രട്ടറി
ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

2025 സെപ്റ്റംബർ 24-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. രാജീവ്,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IV

തിരുവനന്തപുരം,
2025 ഒക്ടോബർ, 6

## റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 മാർച്ച് 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 56 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച നടപടി പത്രികകൾ 30.05.2025, 13.08.2025, 24.09.2025 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2024-25-ലെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും അദ്ധ്യായം I ആയും ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2851-00-102-84(01) - സംരംഭക സഹായ പദ്ധതി / സംസ്ഥാന നിക്ഷേപ സബ്സിഡി

ബഡ്ജറ്റ് വിഹിതം : 58.50 കോടി രൂപ (പ്ലാൻ)

വകുപ്പിന്റെ സുപ്രധാന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി പ്രകാരം എം. എസ്. എം. ഇ വിഭാഗത്തിൽ അപേക്ഷകരുടെ എണ്ണം ഉയർന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷകർക്ക്

പൂർണ്ണമായി തുക അനുവദിക്കാൻ കഴിയാത്തതിനാലും ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 16.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി 60 കോടി രൂപ സംരംഭക സഹായ പദ്ധതിക്കായി 2851-00-102-84(01)-33 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും 31,80,00,000/- രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2024-2025 സാമ്പത്തിക വർഷം 58.50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നതുകൊണ്ട് 2023-2024-ൽ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 60 കോടിയിൽ അനുവദനീയ തുകയായി അനുവദിച്ച 31,80,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 28,20,00,000/- രൂപ അടിയന്തിരമായി 2851-00-102-84(01)-33-പ്ലാൻ എന്ന പദ്ധതി ശീർഷകത്തിൽ സീലിംഗിൽ ഇളവ് നൽകി 2024-2025 സാമ്പത്തിക വർഷം അടിയന്തിരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു . സാമ്പത്തിക വാർഷാവസാനമായതിനാൽ ധനകാര്യ വകുപ്പ് പ്രൊപ്പോസൽ മാറ്റിവയ്ക്കുകയും ചെയ്തുവെന്ന വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു.

**ശിപാർശ**

2851-00-103-74 - <u>പരിശീലനവും വികസനവും</u>

ബഡ്ജറ്റ് വിഹിതം : 3.52 കോടി രൂപ (പ്ലാൻ)

വിപണി ഗവേഷണത്തിന്റെ ഭാഗമായി നാലു കേന്ദ്രങ്ങളിൽ ഡിസൈൻ ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, മേൽശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

**സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷം 2851-00-103-74(പി) എന്ന ശീർഷകത്തിൽ വിവിധ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയിരുന്ന 3.52 കോടി രൂപയിൽ 233.12 ലക്ഷം രൂപ വിവിധ പ്രോജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കുന്ന വിവിധ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൈത്തറി ഉല്പന്നങ്ങളിൽ കാലികമായ പുതിയ ഡിസൈനുകൾ രൂപീകരിക്കുന്നതിന് കൊച്ചിയിലും തിരുവനന്തപുരത്തും ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്ന 55 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ റിലീസ് ചെയ്തുനൽകിയിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 50 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

2851-00-103-43 - <u>അംശദാന മിതവ്യയ ഫണ്ട്</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

നെയ്ത്തുതൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും , വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾക്കായി സഹായം നൽകുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്വീകരിച്ച നടപടി**

കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള അംശദാന മിതവ്യയ ഫണ്ട് എന്ന പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ 1 കോടി രൂപയിൽ 49.77 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

## ശിപാർശ

2851-00-103-38 – നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ വസ്ത്രങ്ങളുടെ ഓരോ അധിക മീറ്ററിനും ഇരട്ടി വേതനവും പരമാവധി 1000 രൂപ ധനസഹായവും നൽകുന്നുണ്ട്. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സ്വീകരിച്ച നടപടി

നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയി - രുന്ന 4.5 കോടി രൂപയിൽ 2.25 കോടി രൂപ ടി പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 2.25 കോടി രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

## ശിപാർശ

2851-00-103-25 - യുവ വീവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

കൈത്തറി മേഖലയിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ 'സ്വയം തൊഴിൽ സൃഷ്ടിക്കൽ' പദ്ധതിയിലൂടെ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഏകോപനത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 2851-00-103-25(പി) എന്ന ശീർഷകത്തിൽ യുവവീവ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 75 ലക്ഷം രൂപയിൽ 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 75.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

## ശിപാർശ

2851-00-105-99-31 – കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 46.4620 കോടി രൂപ (നോൺ പ്ലാൻ)

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 146.34 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സ്വീകരിച്ച നടപടി

ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച 46.4620 കോടി രൂപക്ക് പുറമേ അധിക ധനാനുമതിയായി, 03-02-2025 തീയതിയിലെ ജി .ഒ(ആർ.റ്റി)നം.105/ 2025/വ്യവ ഉത്തരവ് പ്രകാരം "2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിൽ 13.50 കോടി രൂപ (പതിമൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2851-00-105-96-33 - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺപ്ലാൻ)

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

## ശിപാർശ

2851-00-105-95-10 – കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം :1000 രൂപ (നോൺ പ്ലാൻ)

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത/കുടുംബപെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 13.1115925 കോടി രൂപ കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 13.1115925 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സ്വീകരിച്ച നടപടി

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് 2851-00-105-95-10 എന്ന ശീർഷകത്തിൽ സർക്കാർ വിഹിതം അംശദായമായി 17/03/2025 തീയതിയിലെ സ.ഉ.(സാധാ)നം.292/2025 സർക്കാർ ഉത്തരവ് പ്രകാരം 115 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത 115 ലക്ഷം രൂപയിൽ, 17,75,857/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുള്ള ഓഡിറ്റ് ചാർജ് അരിയർ ഇനത്തിൽ ഒടുക്കുന്നതിനും ബാക്കിയുള്ള 97,24,143/- രൂപ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള സർക്കാർ വിഹിതം അംശദായമായും അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2851-00-105-87 - ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കംപ്യൂട്ടർവത്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള വില്പനശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യയുടെയും

സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽക്കരണവും, പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മൊബൈൽ സെയിൽസ് വാൻ വാങ്ങൽ, പ്രധാന ഗ്രാമസൗഭാഗ്യകളുടെ നവീകരണം, നിലവിലുള്ള ഗോഡൗണുകളുടെ നവീകരണവും ആധുനികവൽക്കരണവും പുതിയ പ്രൊജക്റ്റ് ഗോഡൗൺ സ്ഥാപിക്കൽ, പുതിയ ഖാദി ഗ്രാമ സൗഭാഗ്യ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 7.32 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

## ശിപാർശ

2851-00-105-86 - മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതിയ തൊഴിലാളികൾക്കുള്ള ട്രെയിനിംഗ്, ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, അവർക്കുള്ള വർക്കിംഗ് ക്യാപിറ്റൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതിക വിദ്യ നവീകരിക്കൽ, പ്രീ ലൂം പ്രോസസ്സിംഗ്, സ്പിന്നിംഗ്, വീവിംഗ്, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹാർദ്ദ തൊഴിലിടങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.37 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-85 - <u>പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം :2.80 കോടി രൂപ (പ്ലാൻ)

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശ്യങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.80 കോടി രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 7.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-73 - <u>ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്</u>

ബഡ്ജറ്റ് വിഹിതം : 5.60 കോടി രൂപ (പ്ലാൻ)

ഖാദി നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ബത്ത നൽകുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-72 - <u>വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും</u>

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ യൂണിറ്റ് നവീകരണം , സോപ്പ് യൂണിറ്റിന് മേൽക്കൂര സ്ഥാപിക്കൽ, സോപ്പ് യൂണിറ്റിൽ അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിന് പുതിയ സംഭരണ ടാങ്കുകൾ സ്ഥാപിക്കൽ, ആലപ്പുഴ ആർ. എം. ജി യൂണിറ്റിന്റെ ശാക്തീകരണം, കോഴിക്കോട് ബാലുശ്ശേരിയിലെ ഓയിൽ യൂണിറ്റ് നവീകരണം , , കണ്ണൂർ പാപ്പിനിശ്ശേരി എച്ച്. എം. പി യൂണിറ്റ് നവീകരണം എന്നിവയിലൂടെ ഉത്പാദനവും പുതിയ തൊഴിലവസരവും സൃഷ്ടിക്കുക എന്നതാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-71 - വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.42 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-66-(02) – ഖാദി ഗ്രാമ വ്യവസായ വികസനം - വാർത്താവിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 54 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2851-00-105-66(03) - ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 29 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

## ശിപാർശ

2851-00-105-64 - ഖാദി സിൽക്ക് വീവിംഗ് പ്രൊജക്ട്

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം, കൂടാതെ പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

## ശിപാർശ

2851-00-106-92(02) - വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി ) - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങൾ , പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം , തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം , പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

2851-00-106-92(02) (പി) ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതമായി അനുവദിച്ച 10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. 31/08/2024 ലെ സ.ഉ.(അച്ചടി)നം.76/2024/ധന ഉത്തരവ് പ്രകാരം പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം നിലനിന്നിരുന്നതിനാൽ അധികമായി തുക വകയിരുത്താൻ സാധിച്ചില്ല.

## ശിപാർശ

2851-00-106-26 – കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

## സ്വീകരിച്ച നടപടി

2851-00-106-26 (പി) ശീർഷകത്തിൽ നിന്നും 1.962 കോടി രൂപ (56.06%) വിനിയോഗിച്ചിട്ടുണ്ട്. 31/08/2024 ലെ സ.ഉ.(അച്ചടി) നം.76/2024/ധന ഉത്തരവ് പ്രകാരം പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം നിലനിന്നിരുന്നതിനാൽ അധികമായി തുക വകയിരുത്താൻ സാധിച്ചില്ല.

## ശിപാർശ

2852-08-600-90 - ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനും ഓരോ താലൂക്കിലും എച്ച്. പി. ഒ. രൂപീകരിക്കുവാൻ 2024-25 വർഷത്തെ പദ്ധതി വിഭാവനം ചെയ്ത പ്രകാരം പദ്ധതി ഘടകം പ്രാഥമികമായി 30 താലൂക്കുകളിൽ ആരംഭിക്കുന്നതിനും കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിലേയ്ക്കുമായി 30

ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

4860-60-190-94 - കെ.എസ്.സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 1.55 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ &അക്വിസിഷൻ ആക്റ്റ് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും 2022, 2023 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ 8 കോടി രൂപയും ഉൾപ്പെടെ ആകെ 70.05 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 70.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2852-08-600-81 - <u>ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)</u>

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99 - <u>കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2021, 2022, 2023 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുമായി 24.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 24.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2852–08-600-79 - <u>നഷ്ടപ്പെട്ട ഉപജീവനം പുനഃസൃഷ്ടിക്കുന്നതിന് ചെറിയ, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം</u>

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള വായ്പകൾക്ക് ഇന്ററസ്റ്റ് സബ്ബ് വെൻഷൻ, മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ

ഉപധനാഭ്യർത്ഥന വഴിയോ 5.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ</u>

2853-02-001-98 - <u>ജില്ലാ ഘടകങ്ങളുടെ രൂപീകരണം</u>

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ധാതു നിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ 2853-02-001-98 എന്ന ഹെഡ്ഡിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി തുക പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിനാൽ റീ അപ്രോപ്രിയേഷൻ വഴി മോഡണൈസേഷൻ ഓഫ് മൈനിംഗ് ആന്റ് ജിയോളജി എന്ന ഹെഡ്ഡിൽ നിന്നും 50 ലക്ഷം രൂപ വകമാറ്റുകയും ആകെ 96.80 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2853-02-001-97 - <u>ഇ - ഗവേണൻസ് പദ്ധതി നടപ്പാക്കൽ</u>

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ

ഇ-ഗവേണൻസ് സംരംഭമാണ് KOMPAS. സംസ്ഥാനത്തെ ഖനികളും ധാതുക്കളും സംബന്ധിച്ച് പൗര കേന്ദ്രീകൃതവും ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ഇലക്ട്രോണിക് സേവന വിതരണം KOMPAS ഉറപ്പാക്കുകയും ചെയ്യുന്നു. വകുപ്പിൽ നിലവിലുള്ള KOMPAS പോർട്ടൽ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആയി മാറ്റുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

## സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഇ-ഗവേണൻസ് സംരംഭമാണ് KOMPAS. ഇംപ്ലിമെന്റേഷൻ ഓഫ് ഇ-ഗവേണൻസ് പ്രോജക്റ്റിനായി 150 ലക്ഷം രൂപ 2853-02-001-97 പ്ലാൻ എന്ന ഹെഡ്ഡിൽ വകയിരുത്തിയിരുന്നു . എന്നാൽ G.O(P) No. 76/2024/Fin dt. 31.08.2024 ഉത്തരവ് പ്രകാരം 106.5 ലക്ഷം രൂപയായി പദ്ധതി തുക പുന:ക്രമീകരിച്ചിരുന്നു. ഇതിൽ നിന്നും KOMPAS ന്റെ സേവനവുമായി ബന്ധപ്പെട്ട് NIC-ക്ക് 25 ലക്ഷം രൂപ നൽകുന്നതിനും KOMPAS 2.0 ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ ഘട്ടത്തിനായി 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും ഭരണാനുമതി നല്കിയിരുന്നു. എന്നാൽ NIC കരാർ ജീവനക്കാരുടെ സേവനം താൽക്കാലികമായി നിർത്തിവെച്ചതിനെ തുടർന്ന് NIC യിൽ നിന്നും തുക നൽകുന്നതിനുള്ള ഇൻവോയ്സ് ലഭിക്കാത്തതു കാരണം G.O(Rt) No. 184/2025/ID dt. 19.02.2025 ഭരണാനുമതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ NIC യ്ക്ക് നൽകേണ്ടിയിരുന്ന 25 ലക്ഷം രൂപ നൽകുന്നതിന് സാധിച്ചിരുന്നില്ല. കൂടാതെ KOMPAS 2.0 സംബന്ധിച്ചുള്ള ലേല നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലാതിരുന്നതിനാൽ ടി പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിനായി G.O(Rt) No. 248/2025/ID dt. 06.03.2025 ഭരണാനുമതി പ്രകാരം നീക്കിവച്ചിരുന്ന 30 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുന്നതിന് സാധിച്ചിരുന്നില്ല. അതിനാൽ കമ്മിറ്റി ശുപാർശ ചെയ്തതു പ്രകാരം അധിക തുകയുടെ ആവശ്യം വന്നില്ല.

## ശിപാർശ

2853-02-001-96 - ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 2.02 കോടി രൂപ (പ്ലാൻ)

പൊതുജനങ്ങൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 22.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

മോഡണൈസേഷൻ ഓഫ് മൈനിംഗ് & ജിയോളജിക്ക് ബഡ്ജറ്റിൽ 202 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ G.O(P) No. 76/2024/Fin dt. 31.08.2024 ഉത്തരവ് പ്രകാരം പദ്ധതി വിഹിതം ക്രമീകരിച്ചതിനെ തുടർന്ന് ഡയറക്ടറേറ്റിലെ റീവയറിങ് നടത്തുന്നതിന് PWD Electrical വിഭാഗത്തിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം സർക്കാരിൽ നിന്നും 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി തുക വിനിയോഗിച്ച് റീവയറിങ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് . ടി ഹെഡ്ഡിൽ നിന്നും 50 ലക്ഷം രൂപ Strengthening of District Organisation /Sub offices, Hire charges of motor vechicles എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേഷൻ വഴി വക മാറ്റുകയും ചെയ്തിരുന്നു. അതിനാൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി അധിക തുകയുടെ ആവശ്യം വന്നില്ല.

## ശിപാർശ

2853-02-003-99 - ഉദ്യോഗസ്ഥന്മാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും മറ്റു കേന്ദ്രങ്ങളിലും ജനങ്ങൾ നൽകുന്ന അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായും ക്ലറിക്കൽ വിഭാഗത്തിൽ വേണ്ടത്ര

ഉദ്യോഗസ്ഥർ ഇല്ലാത്തതാണ് ഇതിനു കാരണമെന്നും കണ്ടെത്തിയ സമിതി, ആയത് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് & ജയോളജി വകുപ്പിന്റെ ഓഫീസുകളിൽ ക്ലറിക്കല് വിഭാഗത്തിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തത് പരിഹരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

<u>ശിപാർശ</u>

മൈനിംഗ് & ജിയോളജി വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ്, ക്ലറിക്കൽ/അക്കൗണ്ടന്റ് വിഭാഗം ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽമേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഗസറ്റഡ്/നോൺ ഗസറ്റഡ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ G.O(P) No. 76/2024/Fin dt.31.08.2024 ഉത്തരവ് പ്രകാരം പദ്ധതി തുക 2.5 ലക്ഷം രൂപയായി പുന:ക്രമീകരിക്കുകയും ആയതിൽ നിന്നും 2.485 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി അധികമായി 5 ലക്ഷം രൂപ അനുവദിക്കുവാൻ കമ്മിറ്റി ശിപാർശ ചെയ്തത് പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ പരിമിതിയുടെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ സാമ്പത്തിക ക്രമീകരണത്തെ തുടർന്ന് തുക അനുവദിക്കുവാൻ സാധിച്ചില്ല.

<u>ശിപാർശ</u>

4851-00-190-99 - <u>കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ (ഹാൻവീവ് )</u>

ബഡ്ജറ്റ് വിഹിതം : 1.95 കോടി രൂപ (പ്ലാൻ)

ഹാൻവീവിൽ ഇ-ഗവേണൻസ്, നവീകരണം, കംപ്യൂട്ടർവൽക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം , ഷോറൂമുകളുടെ

നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

ഹാൻവീവിന് 2024-25 സാമ്പത്തിക വർഷം 4851-00-190-99 എന്ന ശീർഷകത്തിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ 195 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രവർത്തന മൂലധന സഹായമായി 100 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് കൊടുത്ത് തീർക്കുന്നതിന് 175 ലക്ഷം രൂപയും സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ 40 ലക്ഷം രൂപയും ഹാൻവീവിന് അനുവദിച്ചിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

4851-00-195-95 - കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്)

ബഡ്ജറ്റ് വിഹിതം : 2.45 കോടി രൂപ (പ്ലാൻ)

ഹാന്റെക്സിന്റെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുന്നതിനുമായി ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

ഹാന്റെക്സിന് 2024-25 സാമ്പത്തിക വർഷം 4851-00-195-95 എന്ന ശീർഷകത്തിൽ ജി.എസ്.പി പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി 245 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 122.5 ലക്ഷം രൂപ ഹാന്റെക്സിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഹാന്റെക്സിന് നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം

ചെയ്യുന്നതിനായി ഹാന്റെക്സിന് പുനരുദ്ധാരണ പദ്ധതിയ്ക്കായി 6 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

4859-02-004-89 - ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജി ഹബ് (കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

'പിസിബി മാനുഫാക്ചറിങ് ഫെസിലിറ്റി' പദ്ധതിയുടെ ഭാഗമായി ബ്രൗൺ ഫീൽഡ് പ്രൊജക്റ്റ് ഒന്നാം ഘട്ടം എന്ന നിലയിൽ പാലക്കാടുള്ള ഐ ടി ഐ -യുമായി സഹകരിച്ച് PCB മാനുഫാക്ചറിങ് തുടങ്ങാനുള്ള പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെൽട്രോണിന് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും സർക്കാരിന്റെ വിഭവപരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതികൾക്ക് മുൻഗണനാക്രമം ഏർപ്പെടുത്തിയതിനാലും സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല.

**ശിപാർശ**

4860-60-190-90 - കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കേരള റബ്ബർ ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന മാസ്റ്റര് പ്ലാൻ ഘട്ടം ഒന്നിന്റെ ഭാഗമായി 2024-25 വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന

വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന്  സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി നിലവിലെ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയിരുന്നു. അതിൻപ്രകാരം 21.10.2024-ന് ചേർന്ന, ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനായുള്ള സെക്രട്ടറിതല സമിതി യോഗം കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പകുതിയായി നിജപ്പെടുത്തിയിരുന്നു (4.5 കോടി)

ആയതിനാൽ, കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 4860-60-190-90 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ**

4885-01-190-95 - കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ BOPP Film Metalization Plant സ്ഥാപിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ  വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ  കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡിന് വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് ടി വർഷം നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിനാലും സർക്കാരിന്റെ വിഭവപരിമിതിയുടെ പശ്ചാത്തലത്തിലും  സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

4885-60-800-96 - പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക

ബഡ്ജറ്റ് വിഹിതം : 36.30 കോടി രൂപ (പ്ലാൻ)

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കി വരുന്നതായും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ധനസഹായത്തിനു പുറമേ ബാങ്കുകൾ , ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നതുവരെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് സ്ഥാപനങ്ങളുടെ നിലനിൽപ്പിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും അനിവാര്യമാണെന്നും വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാർ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയതിനാൽ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നു തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം അനുവദിക്കുകയാണ് ചെയ്തത്. ടി സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

## ശിപാർശ

6851-00-190-90 - കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ (സിഡ്കോ)

ബഡ്ജറ്റ് വിഹിതം : 6.50 കോടി രൂപ (പ്ലാൻ)

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മേജർ , മിനി വ്യവസായ എസ്റ്റേറ്റുകളുടെയും വ്യവസായ പാർക്കിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ആയ ഇന്റേണൽ റോഡുകൾ നവീകരിക്കുന്നതിനും ചുറ്റുമതിൽ ഇല്ലാത്ത എസ്റ്റേറ്റുകളിൽ

ആയത് നിർമ്മിക്കുന്നതിനും പൊട്ടിപ്പൊളിഞ്ഞു ശോച്യാവസ്ഥയിലുള്ള ചുറ്റുമതിലുകൾ നവീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**<u>സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയ സാഹചര്യത്തിൽ, സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തുകയ്ക്കായി സിഡ്കോ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല.

**<u>ശിപാർശ</u>**

6851-00-190-86 - കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കേരള ബാംബൂ കോർപ്പറേഷനു കീഴിലുള്ള നല്ലളം ഫാക്ടറിയിൽ ടൈലിന്റെ ഉത്പാദനത്തിന് കേരളത്തിൽ നിന്നും ലഭിക്കുന്ന കല്ലൻ മുള ഉപയോഗിക്കാവുന്ന രീതിയിൽ ഇപ്പോഴുള്ള മെഷീനറികൾ ആധുനികവത്ക രിക്കുന്നതിനായി 75 ലക്ഷം രൂപയും തൊഴിലാളികൾക്ക് ശമ്പളവും അനുബന്ധ കുടിശ്ശികയും നൽകുന്നതിനും സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും മറ്റും അടയ്ക്കുന്നതിലേയ്ക്കായി 10.50 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**<u>സ്വീകരിച്ച നടപടി</u>**

ബാംബൂ കോർപ്പറേഷന് വർക്കിങ് ക്യാപ്പിറ്റൽ സപ്പോർട്ടായി 29-08-2024 തീയതിയിലെ ജി .ഒ (ആർ.റ്റി) നം.780/2024/വ്യവ, 10-03-2025 തീയതിയിലെ ജി .ഒ(ആർ.റ്റി) നം.262/2025/വ്യവ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 300 ലക്ഷം രൂപയും, സ്റ്റാറ്റ്യൂട്ടറി ബാധ്യതകളും മറ്റും അടയ്ക്കുന്നതിലേയ്ക്കായി 22-02-2025 തീയതിയിലെ ജി.ഒ (ആർ.റ്റി) നം.202/2025/വ്യവ പ്രകാരം 195 ലക്ഷം

രൂപയും അനുവദിച്ചിട്ടുണ്ട്. വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അധികധനാനുമതിയായി അനുവദിച്ചിരുന്നില്ല.

**ശിപാർശ**

6853-60-190-97 - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 17.24 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

പദ്ധതി പ്രാരംഭദശയിലായതിനാലും സർക്കാർ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റെ പശ്ചാത്തലത്തിലും, പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിലും 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞതിനാലും സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

6854-01-190-98 - കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

2024-25 വർഷത്തിൽ നടത്താനിരിക്കുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിലെ വാൾപ്പുട്ടി യൂണിറ്റിന്റെ നവീകരണവും വെള്ള സിമന്റ് യൂണിറ്റിന്റെ ഇൻസ്ട്രുമെന്റേഷനുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ

ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സ്വീകരിച്ച നടപടി**

സർക്കാർ സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി പ്രവർത്തനങ്ങൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയ ക്രമീകരണം പാലിക്കേണ്ടിവന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ 375 ലക്ഷം രൂപ കമ്പനിക്ക് അനുവദിച്ചു. സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

6858-01-190-98 - ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തലശ്ശേരി ഹൗസ് വയറിംഗ് കേബിൾ യൂണിറ്റിൽ ഉയർന്ന ഉൽപ്പാദനശേഷി കൈവരിക്കുന്നതിന് ബാലൻസിങ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ധനപുനഃ ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

6858-01-190-96 - കേരള ഇലക്ട്രിക്ക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 12.85 കോടി രൂപ (പ്ലാൻ)

കെ ഇ എൽ കുണ്ടറ യൂണിറ്റിന്റെ നവീകരണവും വിപുലീകരണവും പ്രസ്തുത യൂണിറ്റിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ഇലക്ട്രിക്ക് മോട്ടോറുകളുടെ നിർമ്മാണം ,

ലോക്കോമോട്ടീവുകൾക്കുള്ള ട്രാക്ഷൻ മോട്ടോർ , ട്രാക്ഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, Power Transformer Type Test നടത്തുന്നതിനുള്ള സജ്ജീകരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സ്വീകരിച്ച നടപടി**

കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് 2024-25 സാമ്പത്തിക വർഷം ട്രാക്ഷൻ മോട്ടോറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി, ആധുനികവൽക്കരണ പദ്ധതി, പ്രവർത്തന മൂലധനം, സ്റ്റാറ്റ്യൂട്ടറി ബാധ്യതകളിലെ കുടിശ്ശികകൾ തീർക്കുന്നതിനുള്ള ധനസഹായം എന്നിവയിലായി 1170 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. സംസ്ഥാന സർക്കാർ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തി പദ്ധതി പ്രവർത്തനങ്ങൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കിയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

6858-02-190-94 - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 3 ടൺ ഓപ്പൺ ഹാമ്മർ, എൽ. പി. ജി കൺവെർഷൻ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 96 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

**സ്വീകരിച്ച നടപടി**

സർക്കാരിന്റെ ആ കാലയളവിലെ സാമ്പത്തിക പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പാക്കിയതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും കമ്പനിക്ക് അനുവദിക്കാതിരു ന്നതിനാലും സമിതി നിർദ്ദേശിച്ച പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

6858-03-190-99 - കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിനും അതിനാവശ്യമായ അസംബ്ലി ലൈൻ സ്ഥാപിക്കുന്നതിനും മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഫാക്ടറിയുടെ തനതുൽപന്നങ്ങളായ ഇ -റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ-ടിപ്പർ എന്നിവയ്ക്ക് തുടക്കത്തിൽ മാർക്കറ്റിൽ ഉണ്ടായിരുന്ന ആധിപത്യം കുറയുന്നതായും സർവ്വീസ് സെന്ററുകളുടെ അഭാവമാണ് ഇതിനു കാരണമെന്നും സമിതി മനസ്സിലാക്കുന്നു ആയതിനാൽ മതിയായ സർവ്വീസ് സെന്ററുകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

## സ്വീകരിച്ച നടപടി

നിലവിൽ തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഡീലർഷിപ്പുകൾ പ്രവർത്തനക്ഷമമല്ലാത്ത തിനാൽ , ഡീലർമാരുടെ അഭാവത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പനാ നന്തരസേവനം സർവ്വീസ് സെന്ററുകൾ മുഖേനയല്ലാതെ കമ്പനി നേരിട്ട് നൽ കികൊണ്ടിരിക്കുകയാണ്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഇ-ഓട്ടോ നവീകരിക്കുന്നതിന്റെ ഭാഗമായി മൈലേജ് കൂടിയ ബാറ്ററി, ഇൻഡിപെൻഡന്റ് റിയർ സസ്പെൻഷൻ എന്നീ സവിശേഷതകൾ ഉൾപ്പെടുത്തി ക്കൊണ്ട് പുതിയ മോഡൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരികയാണ്. ഇതിന്റെ വിപണനം ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ കേരളത്തിലുടനീളം പുതിയ ഡീലർമാരെ നിയമിച്ച് കമ്പനിക്ക് പ്രതീക്ഷിച്ച രീതിയിലുള്ള ഉല്പാദനവും വിപണനവും കൈവരിക്കാൻ സാധിക്കുകയുള്ളൂ. 2024-2025 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ ബഡ്ജറ്റിൽ

വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് നിർവ്വഹിക്കാൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടിവന്നില്ല.

**ശിപാർശ**

6858-60-190-99 - കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

കേരള സ്റ്റീൽ ഇൻഡസ്ട്രിയൽ ലിമിറ്റഡിന്റെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിൽ മെഷിനറികൾ സ്ഥാപിക്കൽ, ജി. ഇ. ഡബ്ലിയുവിൽ മെഷീൻ സ്ഥാപിക്കൽ, ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ 360 കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**സ്വീകരിച്ച നടപടി**

സർക്കാരിന്റെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പാക്കിയതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണമായും കമ്പനിക്ക് അനുവദിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലായതിനാലും സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

6858-60-190-89 - ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

ഓട്ടോകാസ്റ്റിന്റെ സമഗ്രനവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടാതെ രണ്ടു മെഗാ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 6.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക കമ്പനിക്ക് പൂർണമായും അനുവദിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലായതിനാലും സർക്കാരിന്റെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ പദ്ധതി ഇനത്തിലുള്ള ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കമ്പനിക്ക് വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല . ഈ സാഹചര്യത്തിൽ കമ്പനിക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

6860-01-190-99 - തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം സ്പിന്നിംഗ് മിൽ പ്ലാന്റിന്റെയും മെഷിനറികളുടെയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും 2019-2020-ലെ പദ്ധതിയുടെ അവസാനഘട്ട പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

**സ്വീകരിച്ച നടപടി**

ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1.50 കോടി രൂപയിൽ 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിനു പുറമേ 1.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

## ശിപാർശ

6860-01-190-97 - സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 65 ലക്ഷം രൂപ (പ്ലാൻ)

മില്ലിന്റെ നിലവിലുള്ള നവീകരണത്തിന്റെ പൂർത്തീകരണം , ആധുനിക വത്കരണം, പുതിയ റിംഗ് ഫ്രെയിമിന്റെ ഇൻസ്റ്റലേഷൻ, പഴയ മെഷീനറികളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

## സ്വീകരിച്ച നടപടി

സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് 2024-25 വർഷം ബഡ്ജറ്റിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 19.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി 75.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

## ശിപാർശ

6860-01-190-95 - കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 28.50 കോടി രൂപ (പ്ലാൻ)

കോർപ്പറേഷനു കീഴിലുള്ള മലബാർ, കോട്ടയം സ്പിന്നിങ്ങ് മില്ലുകൾ, എടരിക്കോട് ടെക്സ്റ്റൈൽസ് മുതലായവയുടെ ആധുനികവത്കരണ പ്രക്രിയയ്ക്കും സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

## സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 28.50 കോടി രൂപയിൽ 21.48 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (കെ.എസ്.ടി.സി)

ആകെ ചെലവിൽ, വിറ്റുവരവിന്റെ ഏകദേശം 18.57% ചെലവ് (2023-24) വൈദ്യുതി ചാർജിനത്തിലാണ്. ഉയർന്ന ശമ്പള വേതന നിരക്ക്, അസംസ്കൃത വസ്തുവിന്റെ വിലയിലുള്ള ഉയർന്ന വ്യതിയാനം എന്നീ ചെലവുകൾ മില്ലുകളുടെ നിയന്ത്രണത്തിനു വിധേയമല്ലാത്തതിനാൽ മറ്റു പ്രധാനപ്പെട്ട ചെലവിനമായ വൈദ്യുതിയുടെ ചെലവ് നിയന്ത്രിക്കുന്നതിനായി സോളാർ പോലെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനാൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (കെ.എസ്.ടി.സി) കീഴിലുള്ള മിതമായ രീതിയിൽ നവീകരിക്കപ്പെട്ട ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിങ് & വീവിങ് മിൽസ്, മലബാർ സ്പിന്നിങ് & വീവിങ് മിൽസ് എന്നിവിടങ്ങളിൽ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായിട്ടുള്ള 17 കോടി രൂപയുടെ അധിക ധനസഹായം ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ ധനസ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

## ശിപാർശ

6860-05-190-99 - കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് രണ്ടു ഘട്ടമായി പൂർത്തീകരിച്ച പേപ്പർ മെഷീൻ പ്ലാന്റ്, മെക്കാനിക്കൽ പൾപ്പിങ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾപ്പിങ് പ്ലാന്റ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനവും തുടർന്ന് വാണിജ്യ അടിസ്ഥാനത്തിലുള്ള ഉല്പാദനവും കെ. പി. പി. എൽ ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

## സ്വീകരിച്ച നടപടി

2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി നിലവിലെ പ്ലാൻ ഫണ്ട് 50% ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം 21-10-2024-ന് ചേർന്ന ചീഫ് സെക്രട്ടറി അധ്യക്ഷയായ, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനായുള്ള സെക്രട്ടറിതല സമിതി യോഗം, കേരള പേപ്പർ

പ്രോഡക്ട് ലിമിറ്റഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പകുതിയായി (പത്തു കോടി രൂപ) നിജപ്പെടുത്തിയിരുന്നു.

ഈ സാഹചര്യത്തിൽ, കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 6860-05-190-99 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ**

6860-60-190-94 - കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൗഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനും കൂടാതെ പ്രവർത്തന മൂലധനത്തിലുള്ള ശോഷണം മറികടക്കാനുള്ള മാർജിൻ മണിയായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

**സ്വീകരിച്ച നടപടി**

വിഭവ പരിമിതിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ധനപുനഃക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി ഇനത്തിലുള്ള ചെലവുകൾ മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നുതന്നെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തി നടപ്പിലാക്കുകയാണുണ്ടായത്. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

6860-60-190-78 - കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 40.81 കോടി രൂപ (പ്ലാൻ)

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനും

പ്രതിവർഷം തൊഴിലാളികൾക്ക് 50 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 34.19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം ബഹു. സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിരുന്നില്ല.

## അദ്ധ്യായം II

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| **വകുപ്പ്** | **ഖണ്ഡിക നമ്പർ** |
|---|---|
| **വ്യവസായം** | **1, 7, 8, 23, 39, 41<br>(6 ഖണ്ഡികകൾ)** |

പി.രാജീവ്,

തിരുവനന്തപുരം

ചെയർപേഴ്സൺ,

2025 സെപ്റ്റംബർ, 24

സബ്ജക്ട് കമ്മിറ്റി IV.